**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 256

# ചെയ്യേണ്ട, ആയിത്തീരുക

**"DON'T DO, JUST BE"**

ഓം ശ്രീ സായിരാം!
പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### ജീവിതം നിറയെ 'ആവാം, അരുത്' ആകുന്നു
### LIFE IS FULL OF DO"S AND DON'TS

എല്ലായ്പോഴും എല്ലായിടത്തും, നമ്മോട് എന്തെങ്കിലും ചെയ്യണം(do something) എന്ന് ആവശ്യപ്പെടുന്ന ആളുകളെ നമ്മൾ കാണാറുണ്ട്. "നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാകണമെന്ന് നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, ഇതു ചെയ്യൂ". "മോക്ഷം ലഭിക്കണമെങ്കിൽ, ഇതു ചെയ്യൂ".

ഇങ്ങനെ, ജീവിതം നിറയെ ആചാരങ്ങൾ, ഉപദേശങ്ങൾ, ചെയ്യേണ്ടതും അല്ലാത്തതുമായ കാര്യങ്ങൾ(do's and don'ts) ആണ്. നമ്മുടെ ബാല്യം മുതൽക്ക് എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് നാം കേൾക്കുന്നു, എന്നാൽ, എന്താവണം(what to be) എന്ന് ഒരിക്കലും നമ്മെ പഠിപ്പിക്കുന്നില്ല. അതുകൊണ്ട്, എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് നമുക്കറിയാം, പക്ഷേ 'ആയിത്തീരുക' എന്നാൽ എന്തെന്ന്(what it is 'to be') നമുക്കറിയില്ല.



ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മേഖലയിൽ ഏതാനും മുൻകരുതലുകളും നിരോധനങ്ങളും ഉണ്ട്. ശാസ്ത്രപരീക്ഷണങ്ങളിൽ, നാം ചെയ്യരുതാത്തത് ചെയ്താൽ അപകടത്തിലാവും. തത്വചിന്തയിലും മതത്തിലും പോലും, ബൈബിളിലെ പത്തു കല്പനകൾ പോലെ, നമുക്ക് ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളുണ്ട്.

നാം എന്തെങ്കിലും ചെയ്യുമ്പോൾ, നമുക്കിപ്പോൾ ഇല്ലാത്തതായ എന്തെങ്കിലും കിട്ടും എന്ന പ്രതീക്ഷയിലാണത് ചെയ്യുക. നമുക്ക് പണം സമ്പാദിക്കണമെന്നു തോന്നു മ്പോൾ നാം ബിസിനസ് ചെയ്യുന്നു. അപ്പോൾ, 'ചെയ്യുക'(doing) എന്നത് നമ്മുടെ ലക്ഷ്യം നേടുന്നതിനുള്ള പ്രക്രിയയാണ്. നമ്മുടെ ഉദ്ദേശ്യം സഫലീകൃതമാവുന്നതി നായി നാം പ്രചോദിതരാവുന്നു.

## ആദ്ധ്യാത്മികതയെന്നത് ഫലോദ്ദേശ്യത്തോടെയല്ല
## SPIRITUALILTY IS NOT RESULT- ORIENTED

എന്നിരുന്നാലും, ആദ്ധ്യാത്മികതയെന്നത് പ്രതീക്ഷയോ അഭിലാഷമോ അല്ല. അതൊരു ലക്ഷ്യമോ ഉദ്ദിഷ്ടസ്ഥാനമോ അല്ല. എന്നാൽ, ലൗകിക ഉദ്യമങ്ങൾ, യത്ന ങ്ങൾ, ദൗത്യങ്ങൾ ഒക്കെ ആവശ്യാധിഷ്ഠിതമോ വാണിജ്യപരമോ ഫലോദ്ദേശ്യ പരമോ ആണ്, ആദ്ധ്യാത്മികതയിൽ അങ്ങനെയല്ല. അതിന് ലക്ഷ്യമോ പ്രാപ്യസ്ഥാ നമോ ഇല്ല. അതൊരു വഴിയില്ലാത്ത ഇടുക്കുവഴി(pathless lane)യാണ്. അതുകൊ ണ്ട്, ഒരുവന് ഇതാണ് ഉപദേശം, "ഒന്നും ചെയ്യാതിരിക്കൂ. കേവലം ആയിത്തീരൂ! അതു മതി"( "Don't do anything. Just BE! That's all").




ജീവിതത്തിൽ, നാം സാമാന്യമായി കാണുന്നത് നാം ചെയ്യുന്ന ഓരോ കാര്യവും കൂടുതൽ ആശയക്കുഴപ്പത്തിലേക്ക് നമ്മെ നയിക്കുന്നതാണ്. ആളുകൾ ക്ഷണി ക്കപ്പെടാതെയും അല്ലാതെയും വിവിധ പ്രശ്നങ്ങളിന്മേൽ ഉപദേശം നൽകുന്നു. അഥ വാ, കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്ന് നമുക്ക് നമ്മുടേതായ ആശയമുണ്ടാവാം, പക്ഷേ ഇത് കൂടുതൽ സങ്കീർണതകളിലേക്ക് നയിക്കുന്നു. നമ്മൾ ചെയ്തുകൊണ്ടി രുന്നത് എന്തുതന്നെയായാലും, അതൊന്നും സഹായകരമാവില്ല. അപ്പോൾ, എന്താണ് അനുവർത്തിക്കേണ്ട ശരിയായ മാർഗം?

"ചെയ്യുക(doing)" എന്നത് ഒരു അവസാനമില്ലാത്ത പ്രക്രിയയാണെന്ന്, പ്രതീക്ഷക ളുടെ പെരുക്കത്തിന്റെ ഒരു ആകെത്തുകയാണെന്ന്, അൽപം ചിന്തിച്ചാൽ വെളി

വാകും. “ചെയ്യുക” എന്നത് ശുഭഫലം പ്രതീക്ഷിക്കപ്പെടുന്ന പ്രക്രിയയാകുന്നു. എന്നാൽ ആദ്ധ്യാത്മികതയെന്നത് നമുക്ക് നൽകപ്പെട്ടിരിക്കുന്നതെന്തോ അത് പോസിറ്റീവായാലും നെഗറ്റീവായാലും, സ്വീകരിക്കുന്നതിനുള്ള ഒരു ഒരുക്കമാണ്. പോസിറ്റീവായതെന്തെങ്കിലും സംഭവിച്ചാൽ, നാം ഈശ്വരനോട് നന്ദിയുള്ളവരാവുന്നു. നെഗറ്റീവായതാണ് സംഭവിക്കുന്നതെങ്കിൽ, നമ്മെ നല്ല ഒരു പാഠം പഠിപ്പിച്ചതിന് നാം ഈശ്വരനോട് നന്ദിയുള്ളവരാവുന്നു.

ജീവിതത്തിലെ എല്ലാ സംഭവങ്ങളും ഒരു പാഠം പഠിക്കുന്നതിനുവേണ്ടിയും ഒരു ഉയർന്ന നിലയിലേക്ക് പരിണമിക്കുന്നതിനുവേണ്ടിയുമാണ്. അതിനാൽ, ആദ്ധ്യാത്മികതയെന്നത് ഒന്നും ചെയ്യാതിരിക്കുന്നതിനുള്ള ആഹ്വാനമാണ്. അലസതയോ മന്ദതയോ വേണമെന്നല്ല തീർച്ചയായും ഇതിനർത്ഥം. ഇത് “എന്തെങ്കിലും ചെയ്യുന്ന”തിന്റെയോ “എന്തെങ്കിലും ആയിത്തീരുന്ന”തിന്റെയോ വിഷയമല്ല. “ആയിരിക്കുന്ന”തിന്റെ പ്രശ്നമാണിത്(question of “being”). നിങ്ങളുടെ സത്തയായിത്തീരുക(Be Unto Your Self)! എല്ലാ പ്രവൃത്തികളും നിർവഹിക്കപ്പെടുന്നത് “ആയിത്തീരുന്ന”തിനായാണ്. “ആയിത്തീരുന്നതിന്” ഒന്നും ചെയ്യാതിരിക്കലാണ്, അത് ‘സ്വത്വ( being)’ത്തിനുവേണ്ടിയാണ്. “ആവുക”, ‘സ്വത്വ’ത്തിൽ വസിക്കുക, നിങ്ങളുടെ ആത്മാവിലായിരിക്കുക, അതാണ് “ഒന്നും ചെയ്യാതിരിക്കൽ(non-doing)”.




ഒരു ഉദാഹരണം: ഒരുവൻ ഒരു ഡോക്ടറോ വക്കീലോ ആവണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ പഠിക്കണം, പരീക്ഷകൾ പാസ്സാവണം, ഇന്റർവ്യൂവിനു പോകണം, അന്തിമമായി തെരഞ്ഞെടുക്കപ്പെടണം. നേരേ മറിച്ച്, മിസ്റ്റർ X അഥവാ മിസ്റ്റർ Y ആകുന്നതിന് ഒരുവൻ ഒന്നുംതന്നെ ചെയ്യേണ്ടതില്ല എന്തെന്നാൽ, ഒരുവൻ മുമ്പുതന്നെ മിസ്റ്റർ X അഥവാ മിസ്റ്റർ Y ആണ്! ഒരുവൻ “ആയിത്തീരുന്നി”ല്ല എന്തെന്നാൽ, ഒരുവൻ മുമ്പുതന്നെ ഒരു സത്ത(entity)യാണ്.

ആദ്ധ്യാത്മികതയെന്നത് "അസ്തിത്വ(being)"ത്തിന്റെ പഠനവും അനുഭവവുമാണ്, അല്ലാതെ "ആയിത്തീരലി(becoming)"ന്റേതല്ല. "ചെയ്യുക(doing)" എന്നത് ചിത്രത്തിൽ വരുന്നത് അത് "ആയിത്തീരലി(becoming)"ന്റെ പ്രക്രിയയാവുമ്പോൾ മാത്രമാണ്. നിങ്ങൾ 'സ്വത്വ(being)'ത്തിലായിരിക്കുമ്പോൾ, നിങ്ങൾ "ചെയ്യാതിരിക്കലിൽ(non-doing)" ആണ്.




**ജീവിതം നിറയെ ആശകളാണ്**
**LIFE IS FULL OF DESIRES**

ജീവിതം ആഗ്രഹങ്ങളുടെ ഒരു കൂട്ടമാണ്. കൂട്ടത്തിലെ എണ്ണത്തിൽ മാത്രമാണ് വ്യത്യാസമുള്ളത്. ചിലതിൽ കുറച്ചേ ഉണ്ടാവൂ, ചിലതിൽ കൂടുതലുണ്ടാവും. ചില ആളുകൾക്ക് ഒരൊറ്റ ആഗ്രഹം മാത്രം ഉണ്ടാവാനാണിഷ്ടം, അത് മറ്റെല്ലാ ആഗ്രഹങ്ങളെയും മൂടിനിൽക്കും! ആയിരം ആശകൾ സഫലീകരിക്കുന്നതിനായി ഒരു 'ഹോൾസെയിൽ' ആശ ഉണ്ടായിരിക്കുന്നതുപോലെയാണ് ഇത്. ആശകളെ ഒരുവൻ 'ലക്ഷ്യങ്ങൾ' എന്നോ 'ആദർശങ്ങൾ' എന്നോ വിളിച്ചേക്കാം. എന്നാൽ ശ്രേഷ്ഠമായ അഥവാ മാഹാത്മ്യമുള്ള ആദർശങ്ങൾ അഥവാ ഉന്നത ലക്ഷ്യങ്ങൾ പോലും ആഗ്രഹങ്ങളാകുന്നു, അവ ഒരിക്കലും അവസാനിക്കുകയോ ഒരു പൂർണവിരാമത്തിലെത്തുകയോ ചെയ്യുന്നില്ല. അവസാനശ്വാസം വരെ അവ പെരുകുന്നത് തുടർന്നുകൊണ്ടേയിരിക്കും. "എനിക്ക് ആഗ്രഹങ്ങളൊന്നുമില്ല" എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ, അവൾക്ക്/അയാൾക്ക് നിറയെ ആഗ്രഹങ്ങളുണ്ടാവും. തീർച്ചയായും, ജീവിതമെന്നത് ആഗ്രഹങ്ങളുടെയും അഭിലാഷങ്ങളുടെയും കൂട്ടമല്ലാതെ മറ്റൊന്നുമല്ല!




ഇവയെല്ലാം പെരുകിക്കൊണ്ടിരിക്കും. ലക്ഷ്യങ്ങളും ഇങ്ങനെതന്നെ പെരുകിക്കൊണ്ടിരിക്കും. ഭഗവത്ഗീത പറയുന്നു, "മുക്തിക്കായി പ്രാർത്ഥിക്കുന്നതുപോലും ആഗ്രഹം

തന്നെ.'' ഭഗവത്ഗീതയുടെ അവസാന അദ്ധ്യായത്തിന്റെ ശീർഷകം 'മോക്ഷസന്യാ




സയോഗം' എന്നാണ്. അതിനർത്ഥം, ഒരു ആദ്ധ്യാത്മികചര്യയെന്ന നിലയ്ക്ക്, മോക്ഷത്തിനായുള്ള ആശ പോലും ഉപേക്ഷിക്കുക എന്നാണ്. ആരാണ്, അപ്പോൾ അഭിലാഷമുക്തരായവർ?

**ആശകൾ നമ്മുടെ പ്രതിബിംബം സൃഷ്ടിക്കുന്നു**
**DESIRES CREATE OUR IMAGE**

നമ്മുടെ ജീവിതം നിറയെ ലക്ഷ്യങ്ങളും ആദർശങ്ങളുമാണ്, അവ ശരിക്കും നമ്മുടെ ലൗകിക ക്ഷുത്ത്(worldly hunger) ആകുന്നു. ഇവ നമ്മുടെ വ്യക്തിത്വവും പ്രതിബിം ബവും ചമയ്ക്കുന്നു, ഇതിൽ നമ്മുടെ അഭിലാഷങ്ങളും ആശകളും ജീവിതത്തിന്റെ പരിപ്രേക്ഷ്യങ്ങളും ഉൾപ്പെടുന്നു.

സർവപ്രധാനമായി, ഈ സവിശേഷതകൾകൊണ്ട് ബാധിക്കപ്പെടുന്നത് നമ്മുടെ ഈഗോയാണ്. നാം സേവാദളിനാൽ തടയപ്പെടുകയോ പരിഹസിക്കപ്പെടുകയോ ചെയ്യുമ്പോൾ, നമ്മുടെ ഈഗോ മുറിപ്പെടു ന്നു, അപമാനിക്കപ്പെട്ടതായി നമുക്ക് തോന്നുന്നു. ഇത് എന്തെന്നാൽ, നാം വളരെ പ്രധാനികളാണെന്നും പ്രശസ്തരാ ണെന്നുമാണ് നമ്മുടെ ഭാവം. നാം സ്വയം നിർമ്മിച്ചതാണീ വ്യാജപ്രതിച്ഛായയും വ്യക്തിത്വവും, ഈ പ്രതിച്ഛായയ്ക്ക് പരസ്യ



മായി മുറിവേൽക്കുമ്പോൾ, നമുക്ക് നാണക്കേടുണ്ടാവുന്നു. ഇക്കാലമത്രയും നാം നമുക്കുള്ളിൽ പടുത്തുയർത്തിയ ഈ കൃത്രിമ വ്യക്തിത്വം കാരണം, നാം നാശം ക്ഷണിച്ചുവരുത്തുകയാണ്. ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ, ആദർശങ്ങൾ ഇവയാണ് ഒരു വന്റെ സ്വന്തം പ്രതിച്ഛായ സൃഷ്ടിക്കുന്നത് എന്നതാണ് വസ്തുത.

കരിക്കിൻവെള്ളം നുണയണമെന്നുണ്ടെങ്കിൽ നാം സ്റ്റാളിലേക്ക് പോകേണ്ടിയിരിക്കു ന്നു. അഥവാ, കാന്റീനിൽ നിന്ന് കുറച്ച് മധുരം കഴിക്കണമെന്നു തോന്നിയാൽ നാം

ആ സ്ഥലത്തേക്ക് പോകണം. എന്നാൽ നമ്മുടെ വി.ഐ.പി വ്യാജപ്രതിച്ഛായയിൽ, കരിക്കിൻവെള്ളവും മധുരപലഹാരങ്ങളുമൊക്കെ സ്റ്റാളിലേക്ക് പോകുന്നതിനു പകരം നമ്മുടെയടുത്ത് ആരെങ്കിലും കൊണ്ടുവരണം എന്നതാണ് നമ്മുടെ താത്പര്യം.

നമ്മൾ ക്യൂവിൽ നിൽക്കുന്നത് മറ്റുള്ളവർ കണ്ടാൽ അവരെന്തു കരുതും എന്ന ചിന്ത നമുക്ക് സഹിക്കാനാവില്ല. ഇപ്രകാരം, ഒറ്റയ്ക്കിരുന്ന്, നാം സ്വയം കണക്കിലധികം വിലമതിക്കുന്നു. എന്നിട്ടും, മറ്റു നേരത്ത്, നാം നമ്മുടെ പ്രതിച്ഛായ അഥവാ വ്യക്തിത്വവുമായി പൊരുത്തപ്പെടുന്നില്ല. നാം സ്വതന്ത്രരാവാൻ ആഗ്രഹിക്കുന്നു, എന്നാൽ നാം സൃഷ്ടിച്ച പ്രതിച്ഛായ നമ്മെ സ്വതന്ത്രരായിരിക്കുന്നതിന് അനുവദിക്കില്ല. നാം നമ്മെ വളരെ പ്രധാനികളായി കരുതുന്നതുകൊണ്ട്, നമുക്ക് ഒരുതരം അകൽച്ച തോന്നുന്നു, നമുക്ക് ആളുകളുമായി സ്വതന്ത്രമായി ഇടപഴകാനാവുന്നില്ല. എല്ലാവരുമായും അനായാസം സംസാരിക്കാനാവാത്ത ഒരു വ്യക്തി മന:ശാസ്തരപരമായി രോഗിയാകുന്നു. ചിരിക്കാനാവാത്തവൻ ഏറെക്കുറെ മരിച്ചവനും.



നമുക്ക് സ്വതന്ത്രമായി ആശയവിനിമയം നടത്താനോ അനായാസം സമൂഹവുമായി ഇടപഴകാനോ കഴിയാത്തപ്പോൾ-കാരണം, നമ്മുടെ പ്രതിച്ഛായ നമ്മെ അപ്രകാരം ചെയ്യുന്നതിന് അനുവദിക്കില്ല-നാം തന്നത്താൻ പഴിക്കാൻ തുടങ്ങുന്നു. നാം സ്വയം കെട്ടിപ്പടുത്ത ഈ വ്യാജപ്രതിച്ഛായ നമ്മുടെ സ്വന്തം ആത്മാവിനെ പഴിക്കുന്നതിന് ഇടയാക്കുന്നു. ലളിതമായ കാര്യങ്ങളിൽനിന്നും സുഹൃത്തുക്കളിൽനിന്നും സ്വയം അകന്നുനിന്നുകൊണ്ട്, നമ്മൾ സൃഷ്ടിച്ച ഈ 'ബുദ്ധിജീവി'പ്പട്ടം കാരണത്താൽ, നാം നമ്മെത്തന്നെ തടവിലാക്കിയിരിക്കുന്നു. ഇപ്രകാരം നാം സ്വാഭാവിക ലോകവുമായുള്ള നമ്മുടെ സ്വാതന്ത്ര്യവും ബന്ധങ്ങളും കണ്ടുകെട്ടിയിരിക്കുന്നു. എന്നിട്ട് ബന്ധനത്തിലാണെന്ന് നാം പരാതി പറയുന്നു. ഈ സ്വന്തം പ്രതിച്ഛായയെ മറ്റുള്ളവർ മുറിവേൽപ്പിക്കുമ്പോൾ, അത് നാണക്കേടിനും ആത്മനിന്ദയ്ക്കും ഇടയാക്കുന്നു. അതപ്പോൾ ക്ലേശത്താലും ആത്മനിന്ദയാലും പുളയ്ക്കുന്ന ഒരു നെഗറ്റീവ് ലോകമാകുന്നു.

## **സ്വയം നിന്ദിക്കുന്നത് ഒഴിയാബാധകളിലേക്ക് നയിക്കുന്നു**
## **CONDEMNATION OF OURSELVES LEADS TO OBSESSIONS**

നമുക്ക് സ്വയം പഴിക്കാനുള്ള പ്രവണതയുള്ളപ്പോൾ, ഓരോന്നും ഒരു ബാധ(obsession)യാവുന്നു. ഒരു വ്യക്തി പറയുകയാണ്, താൻ ഏറെയൊന്നും കഴിക്കുന്നില്ല അഥവാ ഉപവാസം അനുഷ്ഠിക്കുകയാണ് അഥവാ പാതിരാത്രിവരെ ഉറങ്ങാതെ സായി മന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുകയാണ്- ഇതിനൊന്നും ആദ്ധ്യാത്മികതയുമായി വലിയ ബന്ധമൊന്നുമില്ല. വാസ്തവത്തിൽ അത് ആഹാരവുമായും ഉറക്കവുമായും ബന്ധപ്പെട്ട ഒരുതരം ഒഴിയാബാധയാണ്. നാം ഒരിക്കലും നമ്മുടെ ശരീരത്തെ പീഢിപ്പിച്ചുകൂടാ എന്നത് നാം മനസ്സിലാക്കിയിരിക്കണം. ജീവിതത്തെ ആദരിക്കുന്നതിന് നമുക്ക് പഠിക്കാം. ആഹാരവും ഉറക്കവും വേണ്ടെന്നു വയ്ക്കുന്നത് ആത്മപീഢ(self-torture)യാകുന്നു.




പീഢനമെന്നത് മതമല്ല, അത് ഒരിക്കലും ജീവിതത്തിന്റെ തത്വശാസ്ത്ര (philosophy)മാവരുത്. തീർച്ചയായും തത്വശാസ്ത്രം ആനന്ദവും മതം സന്തോഷവുമാണ്. ജീവിതം ഒരു പീഢനം, ഭാരം അഥവാ ശിക്ഷ ആക്കുന്നതിനു പകരം, നാമത് നൃത്തം, ചിരി, അത്യാഹ്ലാദമായി ഉൾക്കൊള്ളണം.

ആഹാരവും ഉറക്കവും പോലെയുള്ള കാര്യങ്ങൾ നമുക്ക് ബാധയാവുമ്പോൾ, നാം മോഹവിമുക്തരാവുന്നു. നാം ഒരു വിശേഷാൽ പൂജ അഥവാ ചടങ്ങ് നടത്തിയിട്ടും ഫലം കാണുന്നില്ലെങ്കിൽ നാം നിരാശരാവുന്നു. നമുക്ക് പോസിറ്റീവ് ഫലം നൽകുന്ന വ്യക്തികളെ അഥവാ നമുക്ക് ലാഭം കിട്ടുന്ന ഇടങ്ങളെയാണ് നാം തേടുന്നത്. ഇത്തരത്തിലുള്ള വ്യതിയാനവും കൂറ് മാറ്റവും, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറുന്നത്, സംഭവിക്കുന്നത്, നമ്മുടെ വൈക്ലബ്യം കാരണത്താലാണ്.



കഴിഞ്ഞ ഇരുപതു കൊല്ലമായി ഇവിടെ(പുട്ടപർത്തിയിൽ) വരികയാണെന്നും യാതൊരു ഫലവുമില്ലെന്നും പരിഭവം പറയുന്ന നിരവധി ആളുകളുണ്ട്. അവരിപ്പോഴും ജീവനോടെ ഇരിക്കുന്നു എന്നതിൽ അവർക്ക് നന്ദിയില്ല!




എന്നാൽ, അത്തരം ആളുകളും അങ്ങേയറ്റം സ്വാർത്ഥരാണ്. അത്തരമൊരു മനോഭാവം കൊണ്ട് ഒരുവന് എങ്ങനെ പുരോഗതിയുണ്ടാവും? ഒബ്സഷൻ(Obsession)എന്നത് മാന്ദ്യ(depression)വും അടിച്ചമർത്തലു(suppression)മല്ലാതെ മറ്റൊന്നുമല്ല, അത് നിരാശയിലേക്കും വിഷാദത്തിലേക്കും നയിക്കുന്നു. അവസാനം, അത് ആത്മപീഢയായി സ്വയം പ്രകടമാവുന്നു. ജീവിതം 'നിറവേറപ്പെടണം', വെറുതെ 'നിറയുക'യല്ല വേണ്ടത്.

നിറവേറലാണ് ജീവിതം, കേവലം ആശകൾ, വസ്തുവകകൾ, അധികാരം, പദവി ഇവ കൊണ്ട് ജീവിതത്തെ നിറയ്ക്കുന്നതല്ല. നമ്മുടെ ജീവിതം നിറവേറുന്നതാണ് കൂടുതൽ പ്രധാനം. നാം എന്തെങ്കിലും ചെയ്യാൻ തുടങ്ങുമ്പോൾ, നാം ആശാഭരിതരായിത്തീരുന്നു. ഇത് ഒരു വ്യക്തിത്വത്തിന്റെ അഥവാ കൃത്രിമ പ്രതിച്ഛായയുടെ സൃഷ്ടിക്ക് കളമൊരുക്കുന്നു, ഇത് നിരാശയിലേക്കും ആത്മനിന്ദയിലേക്കും നയിക്കുന്നു. എന്നാൽ നമുക്ക് എപ്രകാരം കേവലം ആയിത്തീരാം(how can we just 'Be')? ചെയ്യാതിരിക്കുന്നതിലൂടെ, നമുക്ക് സ്വത്വത്തിൽ ജീവിക്കുന്ന(living in 'being')തിലേക്ക് പടിവയ്ക്കാം. എന്താണീ 'സ്വത്വം'(being)? ചെയ്യാതിരിക്കുക(Don't do)! നാം ചെയ്യുന്നത് നിർത്തുമ്പോൾ, നാം 'സ്വത്വ'ത്തിന്റെ(State of being) അവസ്ഥയിലാവും. നാം ആ 'സ്വത്വം'തന്നെയാവും!



ഉണ്മയുടെ അവസ്ഥ(The state of 'being')യിൽ എത്തിച്ചേ

രുന്നതിനായി നമ്മെ പ്രചോദിപ്പിക്കുന്നത് പ്രഫസർ അനിൽകുമാർ അടുത്ത വേള തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (സായി-കോളജി പേജ് 69-74)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)